പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി
വിഭാഗം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം
ഫോൺ: 0471-2323198

നം.എസിഡി എസ്.പി.സി(4)/139879/19/എച്ച്.എസ്.ഇ തീയതി. 29/10/2019

# സർക്കുലർ

**വിഷയം-** പൊതുവിദ്യാഭ്യാസ വകുപ്പ് - ഹ.സെ.വി. - സമഗ്ര ശിക്ഷ, കേരളം 2019-20 - രക്ഷാകർത്തൃ പരിശീലനത്തിന്റെ ഭാഗമായി ആർ.പി.മാരുടെ പരിശീലനം സംഘടിപ്പിക്കുന്നത് - മേഖലാ ഉപമേധാവിമാർക്കുള്ള നിർദ്ദേശം - സംബന്ധിച്ച്.

**സൂചന -** സമഗ്ര ശിക്ഷാ കേരളം സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ 29/10/2019 തീയതിയിലെ പി.1/2492/2019/എസ്.എസ്.കെ. നമ്പർ കത്ത്.
(04/10/2019 ൽ പൊതുവിദ്യാഭ്യാസ വകുപ്പു സെക്രട്ടറി വിളിച്ചു ചേർത്ത ഉന്നതതല യോഗതീരുമാനം).

സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ മുഴുവൻ പൊതുവിദ്യാലയങ്ങളിലും പ്രത്യേക രക്ഷാകർത്തൃ യോഗങ്ങൾ 2019 നവംബർ മാസത്തിൽ നടക്കുകയാണ്. ഇതിന്റെ ഭാഗമായി സംസ്ഥാനതല ആർ.പി.മാരുടെ പരിശീലനം പൂർത്തീകരിച്ചിട്ടുള്ളതാണെന്ന് സൂചന പ്രകാരം എസ്.എസ്.കെ. യിൽ നിന്നും അറിയിച്ചിട്ടുള്ളതാണ്. തുടർന്ന് ജില്ലകളിൽ നടക്കുന്ന ആർ.പി.മാരുടെ പരിശീലനത്തിൽ ഓരോ സബ്ജില്ലയിൽ നിന്നും മൂന്നിൽ കുറയാത്ത ഹയർ സെക്കൻഡറി അദ്ധ്യാപകരുടെ സേവനം ഉറപ്പുവരുത്തേണ്ടതുണ്ട്. ആയതിനായി അതാത് മേഖലാ ഉപമേധാവിമാർ അവരവരുടെ പരിധിയിൽ വരുന്ന അദ്ധ്യാപകരുടെ സേവനം ഉറപ്പുവരുത്തേണ്ടതാണ്.

ഒപ്പ്

ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)